# ഗാന്ധിമതം

കുറ്റിപ്പുഴ കൃഷ്ണപിള്ള



ഗാന്ധിമതം

കുറ്റിപ്പുഴ കൃഷ്ണപിള്ള
(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.


The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Hermit in a rocky landscape, a painting by Carl Blechen (1798–1840). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഗാന്ധിമതം


ഭിന്നമതങ്ങളുടെ തിക്കുംതിരക്കുംകൊണ്ട് ശ്വാസംമുട്ടുന്ന ഇന്ത്യയ്ക്ക് ഈ ആപത്തിൽനിന്ന് എന്ന് മോചനം ലഭിക്കുമെന്ന് ആർക്കും നിശ്ചയിച്ചുകൂടാ. ഹിന്ദുമതം എന്ന വിശാലവലയത്തിൽത്തന്നെ പ്രത്യേകം പ്രത്യേകം 'ലേബൽ' ഒട്ടിച്ച് നിരത്തി നിർത്തിയിരിക്കുന്ന എത്രയെത്ര ഉപമതങ്ങളുണ്ട്! ഇക്കൂട്ടത്തിൽ ഇന്നു ഗാന്ധിമതം എന്നൊരു പുതിയ മയക്കുവിദ്യകൂടി തലപൊന്തിക്കുമോ എന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. ഏതായാലും അതിനുള്ള ലക്ഷണങ്ങൾ ഇപ്പോൾ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിട്ടുണ്ട്. അങ്ങനെ സംഭവിക്കുന്നപക്ഷം നാല്പതുകോടി ജനങ്ങളെ മാനസികമായി ബന്ധിച്ചിട്ടിരിക്കുന്ന മതച്ചങ്ങലയ്ക്ക് മറ്റൊരു കണ്ണികൂടി ഉണ്ടാകുമെന്നുള്ളത് തീർച്ചയാണ്. ഈ ആപത്തിനെ മുളയിൽത്തന്നെ നുള്ളിക്കളയാൻ ശ്രമിക്കേണ്ടത് സ്വരാജ്യസ്നേഹികളുടെ കടമയാകുന്നു. ഗാന്ധിമതം സാധാരണരീതിയിലുള്ള ഒരു മതമല്ല. അത് മതവും രാജ്യതന്ത്രവും ഇടകലർന്നിണങ്ങിയ ഒരു വിചിത്രസൃഷ്ടിയത്രെ. തന്മൂലം അതിന്റെ വശീകരണത്തിന് വ്യാപ്തികൂടിയിരിക്കുന്നു. ഇതുവെറും അന്ധമായ ഒരു ദോഷാരോപണമാണെന്ന് ഗാന്ധിശിഷ്യന്മാർ വാദിച്ചേക്കാം. ഗാന്ധിതന്നെ ഇപ്രകാരമൊരു മതസ്ഥാപനത്തിന് എതിർ നില്ക്കുന്നുണ്ടെന്നും സ്വതന്ത്രചിന്തയെ അദ്ദേഹം പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നതെന്നും മറ്റും സമർത്ഥിക്കുവാൻ ഇക്കൂട്ടർക്ക് തെളിവുകളും ലഭിച്ചേക്കാം. പക്ഷേ, ഫലമെന്താണെന്നാണ് നോക്കേണ്ടത്. താൻ ദൈവത്തിന്റെ പ്രതിപുരുഷനും മറ്റുമല്ലെന്നും ഒരിക്കലും തന്റെ പ്രതിമയുണ്ടാക്കി പൂജിക്കരുതെന്നും ബുദ്ധൻ മരിക്കുന്നതുവരെ ജനക്കൂട്ടത്തോട് ഉപദേശിച്ചു. എന്നിട്ടോ? ആയുഷ്കാലം മുഴുവൻ ഇങ്ങനെ ഉപദേശിച്ചിട്ടും ബുദ്ധന്റെ കാലശേഷം ഹിമവൽപ്രാന്തങ്ങൾ മുതൽ കന്യാകുമാരിവരെയുള്ള സമസ്തദേശങ്ങളും ബുദ്ധപ്രതിമകൾകൊണ്ട് നിറഞ്ഞു! ദിവ്യത്വത്തിന്റെ സകല ലക്ഷണങ്ങളും ചടങ്ങുകളും ബുദ്ധചരിതത്തിൽ അനന്തരഗാമികൾ തുന്നിപ്പിടിപ്പിച്ചു. ഇങ്ങനെയാണ് വിശ്വാസലഹരിയിൽ ബുദ്ധിമാന്ദ്യം ബാധിക്കുന്ന ജനസമൂഹം പോകുന്ന പോക്ക്. ആട്ടിൻപറ്റങ്ങളെപ്പോലെ ഇടവും വലവും നോക്കാതെ ഏതെങ്കിലുമൊരു മഹർഷിയുടെയോ മഹാത്മാവിന്റെയോ പിറകേ പോകുകയെന്ന ദുഷിച്ച പാരമ്പര്യം ഭാരതീയർക്ക് പണ്ടേ ഉള്ളതാണ്. അത് നശിക്കാത്തകാലത്തോളം അവർക്ക് സാക്ഷാത്തായ സ്വാതന്ത്ര്യവും സമത്വവും ആസ്വദിക്കുവാൻ സാധിക്കുന്നതല്ല.


ഗാന്ധി

ഇന്ത്യാക്കാരുടെ മതപരമായ ഈ ദൗർബല്യം മറ്റാരേയുംകാൾ കൂടുതലായി അറിയാവുന്ന ആളാണ് ഗാന്ധി. ഇന്ത്യ ഉറങ്ങുന്നതും ഉണരുന്നതും മതത്തിൽക്കൂടിയാണെന്ന് അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെയായിരിക്കാം ഭാരതീയരിൽ രാഷ്ട്രീയ പ്രബുദ്ധത കുത്തിവെയ്ക്കുവാൻ അദ്ദേഹം മതമാർഗം അവലംബിച്ചത്. മതത്തിന്റെ വേഷത്തിലും ഭാഷയിലും അല്ലേ ഗാന്ധി രാഷ്ട്രീയകാര്യവിചാരണ നടത്തുന്നതെന്ന് നോക്കുക! ഈ വേഷവും ഭാഷയുംകൊണ്ട് ഇന്ത്യയെ പെട്ടെന്ന് ഉണർത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് വാസ്തവം തന്നെ. പക്ഷേ, ഉണർന്നതുകൊണ്ട് മാത്രം ആയില്ല, രാജ്യം മുന്നോട്ടുനീങ്ങണം. അത് കാലാനുകൂലമായ നവീനമാർഗത്തിൽകൂടിയാകുകയും വേണം. ഈ രണ്ടിനും ഇന്ന് ഇന്ത്യയ്ക്ക് സാദ്ധ്യമാകുന്നില്ലെങ്കിൽ അതിനുള്ള കാരണങ്ങളിലൊന്ന് അടിയുറച്ചുപോയ ഗാന്ധിമതമാണെന്ന് പറയേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ ഏതൊന്നുകൊണ്ട് ഗാന്ധി ഇന്ത്യയെ സ്പ്തോത്ഥിതമാക്കിയോ അതുതന്നെ ഈ രാജ്യത്തിന്റെ പുരോഗമനത്തിന് പ്രതിബന്ധമായിത്തീരുന്നു. സൂക്ഷിച്ചുനോക്കിയാൽ ബുദ്ധിപരമായ ഒരു സ്തംഭനം ഇന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ കടന്നുകൂടിയിട്ടുള്ളതായി കാണാം. ഇളക്കാൻവയ്യാത്ത ഒരു ചട്ടക്കൂടായിത്തീർന്നിട്ടുണ്ട് ഗാന്ധിസിദ്ധാന്തങ്ങളിൽ പലതും. അതിനകത്ത് കുടുങ്ങിപ്പോകുന്നവർക്ക് ഇടത്തോട്ടും വലത്തോട്ടും തിരിയുവാൻ സാധിക്കുന്നില്ല.


ഹിറ്റ്ലർ

മതവും രാജ്യതന്ത്രവും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്ന സമ്പ്രദായം നന്നല്ലെന്നും ആപല്ക്കരമാണെന്നും പല ചിന്തകന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നിട്ടും ഗാന്ധി അപകടജടിലമായ ഈ മാർഗത്തിൽനിന്നും പിന്മാറാൻ ഭാവമില്ല. അദ്ദേഹത്തിന്റെ സാമ്പത്തികസിദ്ധാന്തം പുതിയ നാമരൂപങ്ങൾപൂണ്ട പഴയ വ്യവസ്ഥതന്നെയാണ്. അത് അപ്രകാരമാക്കുന്നതും മതപരമായ പ്രചോദനം മൂലമാകുന്നു. സെമീന്ദാർമാരുടെയും ജന്മിമാരുടെയും മറ്റും സ്വകാര്യസ്വത്ത് തൊട്ടുപോകരുതെന്ന് അദ്ദേഹം വിലക്കുന്നു. തൊട്ടാൽ ഹിംസയായിപോലും! അഹിംസാമന്ത്രം ഉരുക്കഴിച്ച് മുതലാളിമാരെയെല്ലാം പാവങ്ങളുടെ 'ട്രസ്റ്റി'മാരാക്കിത്തീർക്കാമെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. കുറുക്കന്റെ കൈയിൽ കോഴികളെ വളർത്താൻ കൊടുക്കുന്നതുപോലെയാണ് ഇത്. രണ്ടിന്റെയും ആത്മാവ് ഒന്നായതുകൊണ്ട് പക്ഷേ, ഹിംസ സംഭവിച്ചാലും ഭഗവത്ഗീതപ്രകാരം അത് അഹിംസയാക്കി സമാധാനിക്കാം! കൊന്നാലും കൊലയല്ലെന്നും മറ്റുമാണല്ലോ അതിലെ തത്ത്വങ്ങൾ. ഗാന്ധിയുടെ ഉപദേശസൂക്തികളിൽ ഏറ്റവും ആപല്ക്കരമായത്. ഈ 'ട്രസ്റ്റിഷിപ്പ്' സിദ്ധാന്തമാകുന്നു. ഇത്രയും അന്ധവും അപ്രായോഗികവുമായ ഒരഭിപ്രായം, അത് ഗാന്ധിയിൽനിന്ന് പുറപ്പെടുന്നു എന്ന കാരണത്താലാണ് ഈ രാജ്യത്ത് സമാദരണീയമായിത്തീരുന്നത്. അഹിംസയുടെ പേരിൽ ഹിംസയ്ക്ക് വളംവെയ്ക്കുന്ന ഈ സിദ്ധാന്തം വേരുറച്ചുപോയാൽ അത് തൊഴിലാളിലോകത്തിന്റെ കണ്ഠേകുഠാരമായിത്തീരും. മതലഹരിയിൽ മയങ്ങിപ്പോയ 'ബൂർഷ്വാ' മനഃസ്ഥിതിയുള്ളവരെല്ലാം ഇങ്ങനെ ഏതെങ്കിലും പ്രകാരത്തിൽ 'ക്യാപ്പിറ്റലി'സത്തെ പവിത്രീകരിക്കുവാനേ ശ്രമിക്കുകയുള്ളൂ. സമൂലമായ സാമ്പത്തികവിപ്ലവത്തിന് അവർ ഒരിക്കലും അനുകൂലികളാകുകയില്ല. ക്ഷേമത്തിനും സമാധാനത്തിനുംവേണ്ടി ഇന്ന് ലോകം മുഴുവൻ സോഷ്യലിസത്തിലേക്ക് തിരിഞ്ഞുകൊണ്ടിരിക്കുമ്പോൾ ഗാന്ധിയുടെ ഈ സാമ്പത്തികനയം ഇന്ത്യയെ പിന്നാക്കം പിടിച്ചു വലിക്കുകയാണ് ചെയ്യുന്നത്. ഗീതയിലും രാമായണത്തിലുംനിന്ന് രൂപപ്പെടുത്തിയ അദ്ദേഹത്തിന്റെ 'ഫിലോസഫി' ഈ പിന്തിരിപ്പൻ നയത്തിനൊരു താങ്ങായിട്ടും നിൽക്കുന്നു.


ജവഹർലാൽ നെഹ്രു

മനഃപൂർവമായാലും അല്ലെങ്കിൽ പണ്ടത്തെ മട്ടിലുള്ള ഒരു മതസ്ഥാപകന്റെ വേഷഭാഷാദികളും നടപടികളുമാണ് ഗാന്ധി സ്വീകരിച്ചിരിക്കുന്നത്. അർദ്ധനഗ്നത, മുളവടി, ഭജനപ്പാട്ട്, ഉപവാസം, നാമമന്ത്രം, പ്രാർത്ഥന, ആശ്രമം, അനുഗ്രഹദാനം, അന്തേവാസികൾ, അന്തഃകരണാഹ്വാനം അഥവാ അന്തർവാണി (inner voice)—ഇങ്ങനെ ഒരു ഗാന്ധിമതത്തിന്റെ രൂപവൽക്കരണത്തിന് വഴി തെളിക്കുന്ന സകല സാമഗ്രികളും സമ്പ്രദായങ്ങളും അദ്ദേഹം അംഗീകരിച്ചിട്ടുണ്ട്. ഗാന്ധിയോട് ചോദിച്ചാൽ ഇവ ഓരോന്നും ഓരോ തത്വത്തിന്മേൽ അധിഷ്ഠിതമാണെന്ന് വാദിച്ചേക്കാമെങ്കിലും ഇവയെല്ലാം മതവിശ്വാസമഗ്നരായ ഭാരതീയരുടെ മനംമയക്കുവാനുള്ള വിദ്യകളായിട്ടുമാത്രമേ ചിന്തകന്മാർ ദർശിക്കുകയുള്ളൂ. ഇത്തരം മതഭ്രമമൊന്നും കൂടാതെ ജവഹർലാലിനെപ്പോലെ ഗാന്ധി രാഷ്ട്രീയകാര്യവിചാരം ചെയ്തിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ മഹത്ത്വത്തിന് മാറ്റുകൂടുമായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്.


സുബാസ് ചന്ദ്രബോസ്

ഏതാണ്ടൊരു അർദ്ധദൈവമോ അതിമാനുഷനോ ആയിത്തീർന്നിരിക്കുയാണ് നമ്മുടെ രാഷ്ട്രീയ നേതാവ്. ഹിറ്റ്ലറും ഇതേ രൂപത്തിൽത്തന്നെയല്ലേ ജർമനിയിൽ നേതൃത്വം പാലിച്ചത്? രണ്ടുപേരിലും എന്തോ ദിവ്യമായ ഒരു ശക്തിവിശേഷം പ്രവർത്തിക്കുന്നു എന്ന് അതാത് രാജ്യത്തിലെ ജനസമൂഹം വിശ്വസിച്ചു വന്നു. അവരുടെ ദിവ്യവചനങ്ങളെ ചോദ്യംചെയ്‌വാൻ അധികമാരും ധൈര്യപ്പെടുകയില്ല. ധൈര്യപ്പെട്ടാൽ ഇന്ത്യയിൽ അതിന്റെ ഫലമെന്താണെന്ന് സുബാസ് ചന്ദ്രബോസിന്റെ അനുഭവം തെളിയിച്ചുകഴിഞ്ഞു. ഗാന്ധി സിദ്ധാന്തത്തിന്റെ ചട്ടക്കൂട് പൊളിക്കാൻ ആദ്യമായി ഉയർന്ന ആകരങ്ങൾ അന്ധമായ ഭൂരിപക്ഷബലത്താൽ അടിച്ചമർത്തപ്പെട്ടു. വാസ്തവത്തിൽ സുബാസ്ചന്ദ്രബോസിനെ തേജോവധംചെയ്കയാണുണ്ടായത്. ജർമൻ നേതാവിൽനിന്നും കേൾക്കുന്ന വിളിയും 'ദൈവവിളി'യുടെ ഒരു പ്രതിധ്വനിയാണ്. ഗാന്ധി ഇക്കാര്യം യാതൊരു കൂസലും കൂടാതെ തുറന്ന് സമ്മതിക്കുന്നുമുണ്ട്. ഉത്തരം മുട്ടുന്ന ഘട്ടങ്ങളിലെല്ലാം അദ്ദേഹം ചെവികൊള്ളാറുള്ള അന്തർവാണി (Inner voice) ഒരുതരം ദൈവവചനമാണെന്ന് പറയപ്പെടുന്നു! എന്താണിതെന്ന് ചോദിച്ചാൽ സാമാന്യജനങ്ങൾക്ക് മനസ്സിലാകത്തക്കവിധം ഒരു വിശദീകരണം നൽകുവാൻ അദ്ദേഹത്തിന് കഴിയുമോ എന്തോ? ഏതായാലും അനേകലക്ഷം ജനങ്ങളുടെ ജീവിത പരിപാടി ഒരാളുടെ ഉള്ളിലെ വിളിയോ വെളിച്ചമോ അനുസരിച്ച് തിരുത്തി എഴുതിക്കൊണ്ടിരിക്കണമെന്നുവന്നാൽ അതിൽപ്പരമൊരാപത്ത് ഒരു രാജ്യത്തിനുവരാനില്ല! മാനസികമായ അടിമത്തത്തിന്റെ ഒരു പരിഷ്കരിച്ച പതിപ്പുമാത്രമാണിത്. പണ്ടത്തെ മതാചാര്യന്മാരിൽ പലരും ഇത്തരം ദൈവവിളി കേട്ടവരാണ്. അവർ വിളികേട്ട് കെട്ടിപ്പടുത്ത മതങ്ങൾ അനന്തരകാലത്ത് ലോകത്തെ എത്രമാത്രം അന്ധതയിലാഴ്ത്തി എന്നുള്ളതിന് ചരിത്രം സാക്ഷിയാണല്ലോ.


സി. രാജഗോപാലാചാരി

ഗാന്ധിശിഷ്യന്മാരുടെ ഇടയിൽ പരമതാസഹിഷ്ണുതയും ഇപ്പോൾ വർദ്ധിച്ചുവരുന്നുണ്ട്. സി. രാജഗോപാലാചാരിയുടെ അനുഭവങ്ങൾതന്നെ ഇതിലേക്ക് ഉദാഹരണങ്ങളാകുന്നു. ധിഷണശാലിയായ അദ്ദേഹത്തെപ്പോലും കോൺഗ്രസ്സിലേക്ക് സ്വാഗതം ചെയ്യുവാൻ ചിലർ വൈമുഖ്യം പ്രദർശിപ്പിച്ചു. അസഹിഷ്ണുത മതഭ്രാന്തരുടെ ഒന്നാമത്തെ ലക്ഷണമാണ്. ഈ രോഗം ഗാന്ധിയുടെ ശിഷ്യസംഘത്തിൽ സംക്രമിച്ചതിന്റെ ഫലമായി പല സ്വതന്ത്രചിന്തകന്മാരും കോൺഗ്രസ്സിൽനിന്ന് ബഹിഷ്കൃതരായിട്ടുണ്ട്. എതിരാളികളെ പുറംതള്ളാൻ ഗാന്ധിമതത്തിലെ ചില 'സനാതനികൾ' ചെയ്യുന്ന ഗൂഢയത്നങ്ങളും പറഞ്ഞുപരത്തുന്ന ദുഷ്പ്രമാദങ്ങളും ജുഗുപ്സാവഹങ്ങളെന്നേ പറയേണ്ടൂ. ഇന്ത്യയിൽ വ്യാപരിച്ചിരിക്കുന്ന ബുദ്ധിസ്തംഭനത്തിന്റെ ദുഷിച്ച ഫലങ്ങളാണിവയെല്ലാം. ഇക്കണക്കിന് മുന്നോട്ടുപോയാൽ ഗാന്ധിസംകൊണ്ടുണ്ടാകുന്ന മനോബന്ധനത്തിൽനിന്ന് മോചനം നേടേണ്ട ആവശ്യവും നമ്മുടെ രാജ്യത്തിന് നേരിടും.

(വിമർശരശ്മി 1945)

□

# കുറ്റിപ്പുഴ കൃഷ്ണപിള്ള



ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറുങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), 'ദാസ് ക്യാപിറ്റൽ' മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

## കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014